ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് നടപടികൾ നടപ്പിലാക്കിവരികയാണ്.

നെല്ല് സംഭരണയിനത്തിൽ കർഷകർക്ക് നൽകുവാനുള്ള തുക

223(3147) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരിച്ച ഇനത്തിൽ പാലക്കാട് ജില്ലയിലെ കർഷകർക്ക് എത്ര രൂപ കുടിശ്ശിക നൽകുവാനുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) വരുംവർഷങ്ങളിൽ നെല്ല് സംഭരിക്കുമ്പോൾത്തന്നെ കർഷകർക്കു പണം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ ; ഇതിനായി അടുത്ത ബഡ്ജറ്റുമുതൽ പണം വകയിരുത്തുമോ ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ പാലക്കാട് ജില്ലയിൽ നിന്നും (4-12-2014 വരെ) 828342.76 ക്വിന്റൽ നെല്ല് സപ്ലൈകോ സംഭരിച്ച നെൽവിലയായി 140.25 കോടി രൂപ ഇതുവരെ കർഷകർക്ക് നൽകിക്കഴിഞ്ഞു. ഇനി കുടിശ്ശികയായി 17.12 കോടി രൂപ നൽകുവാനുണ്ട്.

(ബി) വരും വർഷങ്ങളിൽ നെല്ല് സംഭരിച്ച ഉടനെ കർഷകർക്ക് സംഭരണ വില നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. ടി ആവശ്യത്തിലേക്ക് സപ്ലൈകോ ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ സംഭരണ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽ നിന്ന് കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ട് വായ്പയെടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു. വരും വർഷങ്ങളിൽ കൂടുതൽ ധനകാര്യ സ്ഥാപനങ്ങളുമായി ധാരണയിലെത്തുകയും കർഷകർക്ക് സംഭരണവില വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും (2014-15 ഉൾപ്പെടെ) സംസ്ഥാന ബഡ്ജറ്റിൽ 180 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാവുന്നതിനാൽ നെല്ല് വില കർഷകർക്ക് നൽകുന്നതിൽ കാലതാമസം സംഭവിക്കുന്നു. സപ്ലൈകോ ഓരോ വർഷവും ഏകദേശം 5.5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കുന്നു. ഇതിനത്തിൽ സംസ്ഥാന സർക്കാർ ഏകദേശം 300 കോടി രൂപ വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി യഥാസമയം അനുവദിച്ച് നെല്ല് സംഭരിച്ച ഉടനെ കർഷകരുടെ അക്കൗണ്ടിലേക്ക് പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സപ്ലൈകോ മുഖേന വിറ്റഴിക്കുന്ന സബ്സിഡി നൽകുന്നതും അല്ലാത്തതുമായ ഉല്പന്നങ്ങളുടെ വില

224(3149) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ മുഖേന വിറ്റഴിക്കുന്ന സബ്സിഡി നൽകുന്നതും അല്ലാത്തതുമായ ഉല്പന്നങ്ങളുടെ നിലവിലുള്ള വില എത്രയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഉല്പന്നങ്ങളുടെ 2011 ജനുവരിയിലെ വിലനിലവാരം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്ന് പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly